തിരുവനന്തപുരം മുതൽ കാസർഗോഡുവരെയുള്ള ദേശീയ ജലപാത

192 (2472) ശ്രീ. ജെയിംസ് മാത്യു: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ദേശീയ ജലപാതയുടെ നിർമ്മാണം പൂർത്തിയാക്കുകയും വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെടുത്തുകയും ചെയ്യുമെന്ന വാഗ്ദാനം നടപ്പാക്കാൻ കഴിയാതിരുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

590 കിലോമീറ്റർ നീളമുള്ള തിരുവനന്തപുരം-കാസർഗോഡ് ജലപാതയിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കിലോമീറ്റർ ദൂരം മാത്രമാണ് ദേശീയ ജലപാത-3 ആയി അംഗീകരിച്ചിട്ടുള്ളത്. ഈ പണിയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്രസർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇന്ത്യ' (IWAI) ആണ്. കായംകുളം കായലിൽ 2 കിലോമീറ്ററും ആലപ്പുഴ സീറോജെട്ടി ഭാഗത്ത് 400 മീറ്ററും പണി പൂർത്തിയാക്കിയാൽ ഈ പാതയിലാകെ 2 വരി ഗതാഗതം സാദ്ധ്യമാകും. പൂർത്തിയാകാത്ത ഭാഗത്ത് ഇപ്പോൾ ഒറ്റവരി ഗതാഗതം സാദ്ധ്യമാണ്. പ്രസ്തുത പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കുവാനുള്ള നടപടികളാണ് നടന്നുവരുന്നത്. ദേശീയ ജലപാതയുടെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആഴം കൂട്ടൽ പണികൾ നടത്തുമ്പോൾ ലഭ്യമാകുന്ന മണ്ണ്, ചെളി, മറ്റുമാലിന്യങ്ങൾ എന്നിവ കരയിൽ നിക്ഷേപിക്കുവാൻ മതിയായ സ്ഥലങ്ങൾ ലഭ്യമാകാത്തതും ഇപ്രകാരം ലഭിക്കുന്ന മണലിനെ ചൊല്ലി നാട്ടുകാർ ഉന്നയിക്കുന്ന അവകാശവാദങ്ങൾ, ജലപാതയിൽ മാർഗ്ഗതടസ്സമായി സ്ഥാപിക്കപ്പെട്ട ചീനവലകൾ, ഊന്നിവലകൾ എന്നിവയും കൊല്ലം-ചവറ ഭാഗങ്ങളിൽ ദേശീയ ജലപാതയിൽ കാണുന്ന വളരെ കട്ടികൂടിയ പ്രതലം (Under Water Laterite bed) മുതലായവയാണ് ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള കാലതാമസത്തിനുള്ള പ്രധാന കാരണങ്ങൾ. സംസ്ഥാന ജലപാത തെക്ക് കോവളം മുതൽ കൊല്ലം വരെയും (74 കിലോമീറ്റർ) വടക്ക് കോട്ടപ്പുറം മുതൽ നീലേശ്വരം വരെയും (348 കിലോമീറ്റർ) വ്യാപിച്ചുകിടക്കുന്നു. ദേശീയ ജലപാത കോട്ടപ്പുറം മുതൽ കാസർഗോഡ് ജില്ലയിലെ നീലേശ്വരം വരെയും കൊല്ലം മുതൽ കോവളം/വിഴിഞ്ഞം വരെയും ദീർഘിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ ദീർഘിപ്പിക്കുന്നതിനാണ് ഇപ്പോൾ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ജലപാതയിൽ നബാർഡ്, സംസ്ഥാന ഫണ്ട്, 13-ാം ധനകാര്യകമ്മീഷൻ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി നിലവിൽ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. വ്യത്യസ്ത ഭാഗങ്ങളിൽ പ്രവൃത്തികളിൽ ചിലത് പൂർത്തീകരിച്ചും ബാക്കിയുള്ളവ പുരോഗമിച്ചും വരുന്നു. പ്രസ്തുത പാതകളുടെ പ്രവൃത്തികൾ പൂർത്തിയാക്കി ഗതാഗത യോഗ്യമാകുന്ന മുറയ്ക്ക് വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ പരിശോധിക്കാവുന്നതാണ്.

അന്യസംസ്ഥാന തൊഴിലാളികൾക്കായി ലേബർ ക്യാമ്പുകൾ

193 (2473) ശ്രീ. സി. ദിവാകരൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികൾക്കായി എത്ര ലേബർ ക്യാമ്പുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഇതിനകം എത്ര ക്യാമ്പുകൾ നിർമ്മിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇത്തരം ക്യാമ്പുകളുടെ നിർമ്മാണത്തിനായി എത്ര തുക നീക്കിവച്ചു; എത്ര തുക ചെലവഴിച്ചു;

(സി) പോലീസ് സ്റ്റേഷനുകളിലെ മൈഗ്രന്റ് ലേബേഴ്സ് രജിസ്റ്റർ പ്രകാരം സംസ്ഥാനത്തെ അന്യദേശ തൊഴിലാളികളുടെ എണ്ണം വ്യക്തമാക്കുമോ?

ഉത്തരം

(എ) അന്യസംസ്ഥാന തൊഴിലാളികൾക്കായി ലേബർ ക്യാമ്പുകൾ നിർമ്മിക്കുന്നതിന് ഭവനം ഫൗണ്ടേഷൻ കേരളയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കിവരുന്ന ഭവന പദ്ധതികളിൽ ഒന്നാണ് അപ്ന-ഘർ പദ്ധതി. അന്യസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നൽകുന്നത്. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്രാ ഐ.ഐ.റ്റി.പി., കഞ്ചിക്കോടിൽ (കിൻഫ്രയിൽ നിന്നും സ്ഥലം ലീസിന് എടുത്ത്) 42,000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ഗ്രൗണ്ട് + 3 പാർപ്പിട സമുച്ചയം എല്ലാ സൗകര്യങ്ങളോടും കൂടി നൽകുന്നതിനുള്ള പദ്ധതിയാണിത്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതും 2016 മാർച്ച് 31-ഓടുകൂടി ഒന്നാംഘട്ട പണി പൂർത്തിയാക്കി തൊഴിലാളികൾക്ക് താമസ സൗകര്യത്തിന് വിട്ടുനൽകുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly